അന്യ സംസ്ഥാന ലോട്ടറികൾ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത കേസ്സുകൾ

199(1456) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂട്ടാൻ ലോട്ടറി ഉൾപ്പെടെ അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഈ സർക്കാർ കോടതിയിൽ കേസ് എന്തെങ്കിലും ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിലെ എതിർകക്ഷികൾ ആരൊക്കെയാണ്; ഏതു കോടതിയിലാണ് കേസ്സ് ഫയൽ ചെയ്തിരിക്കുന്നത് ; എത്ര കേസ്സുകൾ ഉണ്ട്; ഓരോന്നിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അന്യസംസ്ഥാന ലോട്ടറി നിരോധിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്രത്തിന് എന്തെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്ന്; എത്ര അപേക്ഷകൾ ഇതുവരെ കൊടുത്തു; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭൂട്ടാൻ ലോട്ടറി നിരോധിക്കണം എന്നാവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)3500/2011 നമ്പർ കേസ് കേരളസർക്കാർ ഫയൽ ചെയ്തിട്ടുണ്ട്.

കേസിലെ എതിർ കക്ഷികൾ:

1. കേന്ദ്ര സർക്കാർ
2. മേഘ ഡിസ്ട്രിബ്യൂട്ടേഴ്സ്, പാലക്കാട്
3. പേമാ ലാദർ എന്റർപ്രൈസസ് ഭൂട്ടാൻ
4. മോനിക്കാ ഡിസ്ട്രിബ്യൂട്ടേഴ്സ്, കൊൽക്കത്ത
5. റോയൽ ഗവൺമെന്റ് ഓഫ് ഭൂട്ടാൻ

എന്നിവയാണ് ഭൂട്ടാൻ സർക്കാർ ഭാരത സർക്കാരുമായി ഒപ്പിട്ടിട്ടുള്ള വാണിജ്യകരാർ അനുസരിച്ച് ഇന്ത്യയിലെ ലോട്ടറി നിയമങ്ങൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചിട്ടുള്ളതാണെങ്കിലും നിയമവിരുദ്ധമായി ലോട്ടറി വിൽപ്പനയ്ക്കായി ഏജന്റുമാരുമായി കരാറിലേർപ്പെട്ട് നിയമവിരുദ്ധമായി ലോട്ടറി വിൽപ്പന നടത്തുകയും ടി വിവരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടും അത് അവഗണിക്കുകയും അന്യ സംസ്ഥാന ലോട്ടറി കേന്ദ്രസർക്കാർ നിരോധിക്കാ

LIBRARY ARCHIVES Kerala Legislative Assembly

തിരക്കുകയും ചെയ്ത സാഹചര്യത്തിലാണ് സംസ്ഥാന സക്കാർ ഹൈക്കോടതിയെ സമീപിച്ചത്.

ടി പെറ്റീഷൻ ഭൂട്ടാൻ ലോട്ടറി നിരോധിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള പൊതുതാൽപര്യ ഹർജി ഡബ്ല്യു.പി.(സി)37628/10 നോടൊപ്പം പരിഗണിക്കുന്നതിന് ഡിവിഷൻ ബഞ്ചിലേക്ക് റഫർ ചെയ്തിട്ടുള്ളതാണ്.

(ബി) ഉണ്ട്.

(സി) 10-11-2006 മുതൽ ഇതുവരെ 18 അപേക്ഷകൾ നൽകിയിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ കേന്ദ്ര ലോട്ടറീസ് റെഗുലേഷൻ ചട്ടം 2010-ലെ റൂൾ 3(3), 3(14), 3(5), 3(12) ലംഘിക്കുന്നതായും കേന്ദ്ര ലോട്ടറീസ് റെഗുലേഷൻ ആക്ട് 1998-ലെ സെക്ഷൻ 4-ന് വിരുദ്ധമായി പ്രവർത്തിക്കുന്നതായും കണ്ടെത്തിയതിനെ തുടർന്ന് അന്യസംസ്ഥാന ലോട്ടറികളെ നിരോധിക്കുന്നതിന് നിരവധി കത്തുകൾ മുഖേന സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സഹകാരി പണമിടപാടുകാരെയും ബ്ലേഡ് പലിശക്കാരെയും നിയന്ത്രിക്കുന്നതിന് നടപടി

200(1457) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാരി പണമിടപാടുകാരെയും ബ്ലേഡ് പലിശക്കാരെയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സഹകാരി പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കമ്പനി ആക്ട്, ചിട്ടി ആക്ട്, റിസർവ് ബാങ്ക് ആക്ട്, കേരള മണിലെന്റേഴ്സ് ആക്ട് എന്നീ വിവിധ നിയമങ്ങൾ മുഖേനയാണ്. മേൽ വിവരിച്ച എല്ലാ നിയങ്ങളെയും സംബന്ധിച്ച് ആ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള അധികാരിയും പോലീസും ആണ് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയില്ലാതെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ടി നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നീ പ്രവൃത്തികൾക്ക് മേൽ നടപടി സ്വീകരിക്കേണ്ടത്

കേരളത്തിലെ മണിലെൻഡർമാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് കേരളത്തിലെ മണിലെൻഡേഴ്സ് ആക്ട് 1958 മുഖേനയാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ വാണിജ്യ നികുതി

LIBRARY ARCHIVES Kerala Legislative Assembly